# വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala


39

www.industry.kerala.gov.in

15 APRIL 2023










# കേരളത്തിന് വ്യവസായ കുതിപ്പേകാൻ
# സംരംഭക വർഷം 2.0

ഒരു വർഷത്തിനുള്ളിൽ 1.39 ലക്ഷം സംരംഭങ്ങൾ ആരംഭിച്ച് ചരിത്രം സൃഷ്ടിച്ച സംരംഭകവർഷം പദ്ധതിയുടെ തുടർച്ചയായി സംരംഭക വർഷം 2.0 യുമായി സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ്. സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങളിൽ 1,000 എണ്ണം തിരഞ്ഞെടുത്ത് നൂറ് കോടി രൂപ വിറ്റുവരവുള്ള സംരംഭങ്ങളാക്കുന്ന മിഷൻ 1000 പദ്ധതിയുൾപ്പെടെ വിപുലമായ പദ്ധതികളാണ് കൃത്യമായ ആസൂത്രണത്തോടെയും ദീർഘവീക്ഷണത്തോടെയും വ്യവസായ വകുപ്പ് 2023-24 സാമ്പത്തിക വർഷത്തിൽ ആവിഷ്കരിച്ചിരിക്കുന്നത്. സംരംഭക വർഷം 2.0 യുടെ ഉദ്ഘാടനം ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, എറണാകുളം, ഗോകുലം പാർക്ക് കൺവെൻഷൻ സെന്ററിൽ വച്ച് ഉദ്ഘാടനം ചെയ്തു.

മാറുന്ന കാലത്തിന്റെ വെല്ലുവിളി ഏറ്റെടുക്കാനാകും വിധമുള്ള സുസ്ഥിര വ്യവസായ സൗഹൃദാന്തരീക്ഷം ലക്ഷ്യമിട്ടാണ് സംരംഭകവർഷം 2.0. വിഭാവനം ചെയ്തിരിക്കുന്നതെന്ന് ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പരിപാടി ഉദ്ഘാടനം ചെയ്തു കൊണ്ട് പറഞ്ഞു. പുതിയ വ്യവസായ നയത്തിൽ അത്യാധുനിക സാങ്കേതികവിദ്യയിൽ ഊന്നിയുള്ള വ്യവസായങ്ങൾക്ക് മുൻഗണന നൽകുന്നതോടൊപ്പം സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കും. നിക്ഷേപങ്ങൾ ആകർഷിക്കാനും നൂതനാശയങ്ങൾക്ക് പ്രാധാന്യം നൽകാനുമാണ് ശ്രമിക്കുന്നത്. അതു വഴി സുസ്ഥിര വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കും ബഹു. മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

**മാറുന്ന കാലത്തിന്റെ വെല്ലുവിളികൾ ഏറ്റെടുക്കാവുന്ന വ്യവസായ അന്തരീക്ഷം സംസ്ഥാനത്ത് ഒരുക്കുമെന്ന് ബഹു. മുഖ്യമന്ത്രി**



സംസ്ഥാനത്തെ സൂക്ഷ്മ- ചെറുകിട- ഇടത്തരം സംരംഭങ്ങളിലെ പ്രശ്നങ്ങൾ മനസിലാക്കി അതിനുള്ള പരിഹാരം കണ്ടെത്തുന്നതിനായുള്ള സോഫ്റ്റ് വെയർ നിർമിക്കാൻ ശ്രമം തുടങ്ങിയതായി ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. സംരംഭക വർഷത്തിന്റെ ആദ്യ ഘട്ടത്തിൽ 1,39,840 സംരംഭങ്ങൾ ആരംഭിക്കാൻ കഴിഞ്ഞു. 3,43,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു. 45,107 വനിതാ സംരംഭങ്ങൾ ആരംഭിച്ചു. 14 പേർ ട്രാൻസ്ജെൻഡർമാരാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മിഷൻ 1000 പോർട്ടലിന്റെയും യൂട്യൂബ് സെൽഫി പോയിന്റിന്റെയും ഉദ്ഘാടനം ബഹു. ധനകാര്യ വകുപ്പ് മന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ നിർവഹിച്ചു. ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി ശ്രീ. എം. ബി. രാജേഷ് ചടങ്ങിൽ സന്നിഹിതനായിരുന്നു.

വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിമാരായ ശ്രീ. സുമൻ ബില്ല ഐ എ എസ്, ശ്രീ. എ പി എം മുഹമ്മദ് ഹനീഷ് ഐ എ എസ്, വ്യവസായ വാണിജ്യ ഡയറക്ടർ ശ്രീ. എസ് ഹരികിഷോർ ഐ എ എസ്, എറണാകുളം ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ് ഐ എ എസ്, കെഐഎസ്എഫ് ഐ എ ജനറൽ സെക്രട്ടറി ശ്രീ. പി.ജെ ജോസ്, ഫിക്കി സ്റ്റേറ്റ് കൗൺസിൽ മുൻ കോ-ചെയർ ശ്രീ. ദീപക്ക് അസ്വാനി, സി ഐ ഐ കേരള ചെയർ ശ്രീ. അജു ജേക്കബ്, ടൈ കേരള പ്രസിഡണ്ട് ശ്രീ. ദാമോദർ അവനൂർ തുടങ്ങിയവർ പങ്കെടുത്തു. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്നുള്ള 600 ലധികം സംരംഭകരും വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥരും ചടങ്ങിൽ സന്നിഹിതരായിരുന്നു.



## ഫുഡ് പ്രൊസസിങ്ങ് മേഖലയിൽ വലിയ കുതിച്ചുചാട്ടത്തിന് കളമൊരുക്കിക്കൊണ്ട് ചേർത്തല മെഗാ ഫുഡ് പാർക്ക് നാടിന് സമർപ്പിച്ചു

ആലപ്പുഴ ജില്ലയിലെ ചേർത്തലയിൽ 128.50 കോടി രൂപ ചെലവിൽ നിർമ്മിച്ചിരിക്കുന്ന മെഗാ ഫുഡ് പാർക്ക് ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നാടിന് സമർപ്പിച്ചു. ഫുഡ് പ്രോസസിങ്ങ് മേഖലയിൽ പുതിയൊരു കുതിപ്പിന് തുടക്കമിടുമെന്ന് പ്രതീക്ഷിക്കുന്ന പാർക്കിൽ 1000 കോടി രൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നത്. 3000 പേർക്കെങ്കിലും തൊഴിൽ നൽകാൻ സാധിക്കുമെന്നും പ്രതീക്ഷിക്കുന്നു.

84 ഏക്കറിൽ 128.50 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന ചേർത്തല മെഗാഫുഡ് പാർക്കിൽ ഇതിനോടകം തന്നെ നിരവധി കമ്പനികൾ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. പാർക്ക് പൂർണമായും പ്രവർത്തനക്ഷമമാകുന്നതോടെ 1000 കോടിയുടെ നിക്ഷേപവും 3000 തൊഴിലുമാണ് പ്രതീക്ഷിക്കുന്നത്.

ആദ്യഘട്ടത്തിൽ 68 ഏക്കർ ഭൂമിയിലാണ് നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയായിരിക്കുന്നത്. ഗോഡൗൺ, കോൾഡ് സ്റ്റോറേജ്, ഡീപ് ഫ്രീസ്, ഡിബോണിങ് സെന്റർ, പാർക്കിങ് സൗകര്യം, ശുദ്ധജലം, അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, റോഡ് സൗകര്യങ്ങളെല്ലാം ഇതിനോടനുബന്ധമായി പൂർത്തിയായി.

ഭക്ഷ്യസംസ്കരണ വ്യവസായങ്ങൾക്കായി വാടകയ്ക്ക് എടുക്കാവുന്ന കെട്ടിടങ്ങളിൽ 31 എണ്ണം ഇതിനോടകം തന്നെ രജിസ്റ്റർ ചെയ്തു. രണ്ടാംഘട്ടത്തിലുള്ള 16 ഏക്കറിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളും ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. കടൽ ഭക്ഷ്യ സംസ്കരണ മേഖലയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് കെഎസ്ഐഡിസി നിർമ്മിച്ചിരിക്കുന്ന നൂതനമായ പാർക്ക് കേരളത്തിലെ ഫുഡ് പ്രൊസസിങ്ങ് മേഖലയിൽ വലിയ മാറ്റം കൊണ്ടുവരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

# ഒന്നാമതാകാൻ

## രണ്ടാംഘട്ട പദ്ധതികൾ

### സംരംഭക വർഷം 2.0

2023-24 സാമ്പത്തിക വർഷത്തിലും ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ലക്ഷ്യമിടുന്ന പദ്ധതിയാണ് ‘സംരംഭക വർഷം 2.0 ബോട്ടംഅപ്പ് പ്ലാനിങ്ങിലൂടെയായിരിക്കും ഇത്തവണ ജില്ല തിരിച്ച് സംരംഭങ്ങളുടെ എണ്ണം നിശ്ചയിക്കുക. 2023 ഏപ്രിൽ മുതൽ ജൂൺ വരെ പൊതുബോധവൽക്കരണവും തുടർന്ന് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും വായ്പ, ലൈസൻസ്, സബ്സിഡി മേളകളും സംഘടിപ്പിക്കും. മെന്ററിങ്ങ് സിസ്റ്റത്തിൽ എല്ലാ എം.എസ്.എം.ഇകളെയും രജിസ്റ്റർ ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ലഭ്യമാക്കും. നെറ്റ്‌വർക്കിങ്ങ് പോർട്ടലും പുതിയ പദ്ധതിയുടെ ഭാഗമായി ആരംഭിക്കും.

### എം. എസ്. എം. ഇ സുസ്ഥിരതാ പദ്ധതി

സംരംഭക വർഷം (2022-23) പദ്ധതിയുടെ ഭാഗമായി ആരംഭിച്ച 1,39,840 സംരംഭങ്ങളുടെ വിജയവും സുസ്ഥിരതയും ഉറപ്പ് വരുത്തുന്നതിനായി ആരംഭിക്കുന്ന പദ്ധതിയാണ് എം.എസ്.എം.ഇ സുസ്ഥിരതാ പദ്ധതി‘. എം.എസ്. എം.ഇകളുടെ അടച്ചുപൂട്ടൽ നിരക്ക് കുറക്കുന്നതിനും പുതിയ എം.എസ്.എം.ഇകളുടെ വിറ്റുവരവിൽ 5% വളർച്ചാ നിരക്ക് ഉറപ്പാക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. പദ്ധതിയുടെ ഭാഗമായി എം.എസ്.എം.ഇ പെർഫോമൻസ് മോണിറ്ററിങ്ങിനായി ഓട്ടോമേറ്റഡ് സിസ്റ്റം കൊണ്ടുവരുന്നതിനൊപ്പം എം.എസ്.എം.ഇകൾക്കിടയിൽ സഹകരണം പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനതല നെറ്റ്‌വർക്കിങ്ങ് ക്ലസ്റ്ററും സൃഷ്ടിക്കും. പ്രത്യേക ഇൻസന്റീവുകളും ഈ പദ്ധതിയിലൂടെ എം.എസ്.എം.ഇകൾക്ക് ലഭ്യമാക്കും.

### സ്കെയിൽ അപ്പ് മിഷൻ മിഷൻ 1000

തിരഞ്ഞെടുത്ത 1,000 എം.എസ്.എം.ഇകളെ 100 കോടി രൂപ വിറ്റുവരവുള്ള യൂണിറ്റുകളായി നാല് വർഷത്തിനുള്ളിൽ ഉയർത്തുന്ന പദ്ധതി. നിഷ്കർഷിച്ച അടിസ്ഥാന യോഗ്യതകളുള്ള എം.എസ്.എം.ഇകളെ സുതാര്യമായ സംവിധാനത്തിലൂടെ സ്കെയിൽ അപ്പ് സ്കീമിനായി തിരഞ്ഞെടുത്ത് സർക്കാർ പിന്തുണ നൽകും.

### സെൽഫി വീഡിയോ ചാനൽ

നിലവിൽ പ്രവർത്തിക്കുന്ന എം എസ് എം ഇ സംരംഭങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായവകുപ്പ് പ്രത്യേക യൂട്യൂബ് ചാനൽ വികസിപ്പിച്ചിട്ടുണ്ട്. ഈ ചാനലിലൂടെ സംരംഭകരുടെ ഉൽപന്നങ്ങളെയും സേവനങ്ങളെയും പരിചയപ്പെടുത്തുന്ന സെൽഫി വീഡിയോകൾ ജനങ്ങളിലെത്തിക്കും. ചാനലിന്റെ പ്രമോഷൻ വ്യവസായവകുപ്പിന്റെ നേതൃത്വത്തിൽ നടത്തുകയും അതുവഴി സംരംഭകരുടെ വിപണനം പ്രോത്സാഹിപ്പിക്കുകയും ചെയ്യാനാണ് വകുപ്പ് ലക്ഷ്യമിടുന്നത്.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.